# കേരള സർവകലാശാല

നം. പി.ആർ.016/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.എസ്‌സി ഹോട്ടൽ മാനേജ്മെന്റ് പ്രാക്ടിക്കൽ

കേരള സർവകലാശാല ഡിസംബറിൽ നടത്തിയ കരിയർ റിലേറ്റഡ് ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം സി.ബി.സി.എസ്.എസ് മൂന്നാം സെമസ്റ്റർ ബി.എസ്‌സി ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് സയൻസ് പ്രാക്ടിക്കൽ പരീക്ഷകൾ ഫെബ്രുവരി 22, 25, 26 തീയതികളിൽ അതത് കേന്ദ്രങ്ങളിൽ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ www.keralauniversity.ac.in ലഭിക്കും.

### പെൻഷൻ: അപേക്ഷ സമർപ്പിക്കണം

കേരള സർവകലാശാലയിൽ നിന്ന് വിരമിച്ചവരും കുടുംബ പെൻഷഷൻ വാങ്ങുന്നവരും പരിഷ്കരിച്ച പെൻഷൻ അനുവദിക്കുന്നതിന് നിർദ്ദിഷ്ട മാതൃകയിൽ അപേക്ഷ സമർപ്പിക്കണം. അപേക്ഷയുടെ മാതൃകയും വിശദാംശങ്ങളും സർവകലാശാലയുടെ ഫിനാൻസ് വെബ്സൈറ്റിൽ (www.kufinance.info) ലഭിക്കും.

### ബി.എഡ്/എം.എഡ് : യൂണിവേഴ്സിറ്റി സ്കോളർഷിപ്പ്

കേരള സർവകലാശാലയുടെ ബി.എഡ് (ട്രെയിനിംഗ് കോളേജ്), എം.എഡ് കോഴ്സിന്റെ (2014-15 അഡ്മിഷൻ) യൂണിവേഴ്സിറ്റി സ്കോളർഷിപ്പിന് അർഹരായവരുടെ പ്രൊവിഷണൽ ലിസ്റ്റ് വെബ്സൈറ്റിൽ (www.keralauniversity.ac.in) What's New എന്ന ലിങ്കിൽ ലഭിക്കും. പ്രൊവിഷണൽ ലിസ്റ്റിനെ സംബന്ധിച്ച പരാതികൾ അതത് കോളേജ് പ്രിൻസിപ്പൽമാർ/ സർവകലാശാല എഡ്യൂക്കേഷൻ വകുപ്പ് മേധാവി ഫെബ്രുവരി 25-നകം സർവകലാശാലയിൽ സമർപ്പിക്കണം.

### ബി.ടെക് : യൂണിവേഴ്സിറ്റി മെരിറ്റ് സ്കോളർഷിപ്പ്

കേരള സർവകലാശാലയുടെ ബി.ടെക് കോഴ്സിന്റെ (2014-15 അഡ്മിഷൻ) യൂണിവേഴ്സിറ്റി മെരിറ്റ് സ്കോളർഷിപ്പിന് അർഹരായവരുടെ പ്രൊവിഷണൽ ലിസ്റ്റ് വെബ്സൈറ്റിൽ (www.keralauniversity.ac.in) What's New എന്ന ലിങ്കിൽ ലഭിക്കും. പ്രൊവിഷണൽ ലിസ്റ്റിനെ സംബന്ധിച്ച പരാതികൾ അതത് എൻജിനീയറിംഗ് കോളേജ് പ്രിൻസിപ്പൽമാർ ഫെബ്രുവരി 25-നകം സർവകലാശാലയിൽ സമർപ്പിക്കണം.

### അവലോകന യോഗം

മാനവശേഷി വികസന വകുപ്പിന്റെ ആൾ ഇൻഡ്യ സർവേ ഓൺ ഹയർ എഡ്യൂക്കേഷൻ കോളേജ് തല നോഡൽ ഉദ്യോഗസ്ഥരുമായുള്ള അവലോകന യോഗം കാര്യവട്ടം സ്റ്റാറ്റിസ്റ്റിക്സ് പഠനവകുപ്പ് സെമിനാർ ഹാളിൽ ഇന്ന് (20.02.2016) രാവിലെ 10.30-ന് നടത്തും.

### അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് (യോഗ്യത : പ്ലസ് ടു/പ്രിഡിഗ്രി.

ഫീസ് 7500/- രൂപ. പ്രായപരിധിയില്ല. തിങ്കൾ മുതൽ വെള്ളിവരെയുള്ള ദിവസങ്ങളിൽ രാവിലെ 10 മണിമുതൽ നാല് മണിവരെ ക്ലാസ് നടത്തും. കാലാവധി ആറ് മാസം), പി.ജി ഡിപ്ലോമ ഇൻ യോഗ തെറാപ്പി (യോഗ്യത ബിരുദം. ഫീസ് 19500/- രൂപ. പ്രായപരിധിയില്ല. കാലാവധി ഒരു വർഷം. ക്ലാസ് രാവിലെ ഏഴ് മണിമുതൽ ഒമ്പത് മണിവരെ), സർട്ടിഫിക്കറ്റ് ഇൻ ഹെൽത്ത് ആൻഡ് സാനിട്ടേഷൻ (യോഗ്യത: എസ്.എസ്.എൽ.സി, ഫീസ് 3000/- രൂപ. പ്രായപരിധിയില്ല. കാലാവധി ഒരു മാസം) കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ഫെബ്രുവരി 29. ഫോൺ 0471-2302523.

## അസിസ്റ്റന്റ് പ്രൊഫസർ: അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാല കുളക്കട ടീച്ചർ എഡ്യൂക്കേഷൻ കോളേജിൽ കരാറടിസ്ഥാനത്തിൽ അസിസ്റ്റന്റ് പ്രൊഫസർ (കൊമേഴ്സ്) നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ഉദ്യോഗാർത്ഥികൾ ബയോഡേറ്റയും പ്രായം, ജാതി (സംവരണ വിഭാഗം), യോഗ്യത, അദ്ധ്യാപനപരിചയം, നിശ്ചിത ഫീസ് എന്നിവ സഹിതം രജിസ്ട്രാർ, കേരള സർവകലാശാല, സെനറ്റ് ഹൗസ് കാമ്പസ്, പാളയം, തിരുവനന്തപുരം എന്ന വിലാസത്തിൽ മാർച്ച് അഞ്ചിനകം ലഭിക്കത്തക്കവിധത്തിൽ അപേക്ഷിക്കണം. വിരമിച്ചവരിൽ നിശ്ചിത യോഗ്യതയുള്ളവർക്കും അപേക്ഷിക്കാം. യോഗ്യത മറ്റ് വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) Job Notifications എന്ന ലിങ്കിൽ ലഭിക്കും.

## പി.ജി സർട്ടിഫിക്കറ്റ് കോഴ്സ്

തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന പോസ്റ്റ് ഗ്രാജുവേറ്റ് സർട്ടിഫിക്കറ്റ് ഇൻ കൗൺസലിംഗ് കോഴ്സിന്റെ ക്ലാസ് ഇന്ന് (20.02.2016) തുടങ്ങും. പ്രവേശനം നേടിയ വിദ്യാർത്ഥികൾ അന്നേ ദിവസം ഉച്ചയ്ക്ക് രണ്ട് മണിക്ക് പി.എം.ജിയിലെ ഓഫീസിൽ ഹാജരാകണം.

## യോഗ ക്ലാസ്

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ജീവിതശൈലീ രോഗ നിയന്ത്രണത്തിൽ യോഗയുടെ പങ്ക് എന്ന വിഷയത്തിൽ ഒരാഴ്ചത്തെ യോഗ ക്ലാസ് സംഘടിപ്പിക്കുന്നു. പ്രവേശനം സൗജന്യം. ക്ലാസ് രാവിലെ ഏഴ് മണിമുതൽ ഒമ്പത് മണിവരെ നടത്തും. താൽപര്യമുള്ളവർ പി.എം.ജിയിലെ തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രത്തിന്റെ ഓഫീസിൽ രജിസ്റ്റർ ചെയ്യണം.

## പഞ്ചദിന ശിൽപശാല

കേരള സർവകലാശാല കാര്യവട്ടം സംസ്കൃത പഠനവകുപ്പ് 'റിലവൻസ് ആൻഡ് ഫിലോസഫിക്കൽ ബാക്ക്ഗ്രൗണ്ട് ഓഫ് സത് ദർശനാസ്' എന്ന വിഷയത്തിൽ പഞ്ചദിന സെമിനാർ ഫെബ്രുവരി 22 മുതൽ 26 വരെ വകുപ്പ് സെമിനാർ ഹാളിൽ നടത്തും. ഫോൺ 0471-2308801, 9995381562, 8891978183.

## ഒ.എൻ.വി അനുസ്മരണ സമ്മേളനവും പുസ്തക പ്രദർശനവും നടത്തി

കേരള സർവകലാശാല ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ കവി ഒ.എൻ.വി കുറുപ്പ് അനുസ്മരണ സമ്മേളനവും ഒ.എൻ.വിയെക്കുറിച്ചുള്ള പ്രസിദ്ധീകരണങ്ങളുടെ പ്രദർശനവും നടന്നു. ചടങ്ങിൽ പുസ്തക പ്രദർശനത്തിന്റെ ഉദ്ഘാടനം പ്രോ-വൈസ് ചാൻസലർ ഡോ. എൻ

വീരമണികണ്ഠനും അനുസ്മരണ പ്രഭാഷണം കവി ശ്രീ പ്രഭാവർമ്മയും നിർവ്വഹിച്ചു. സിൻഡിക്കേറ്റം ശ്രീ കെ.എസ്. ഗോപകുമാർ, ലൈബ്രേറിയൻ ഇൻ-ചാർജ്ജ് എ ഹംസ തുടങ്ങിയവർ പങ്കെടുത്തു.
(ഫോട്ടോ ഇ-മെയിൽ ചെയ്തിട്ടുണ്ട്)




## <u>തിരുവനന്തപുരത്ത് ഇന്ന് (20.02.2016)</u>

മാനവ വികസന വകുപ്പിന്റെ ആൾ ഇൻഡ്യ സർവേ ഓൺ ഹയർ എഡ്യൂക്കേഷൻ കോളേജ് തല നോഡൽ ഉദ്യോഗസ്ഥരുമായുള്ള അവലോകന യോഗം - കാര്യവട്ടം സ്റ്റാറ്റിസ്റ്റിക്സ് പഠനവകുപ്പ് സെമിനാർ ഹാളിൽ 10.30-ന്

(ഒപ്പ്)
**ഡോ. ലാൽ സി.എ.**
പബ്ലിക് റിലേഷൻസ് ഓഫീസർ

**സർവകലാശാല മന്ദിരം,**
തിരുവനന്തപുരം.
19.02.2016

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com
website: www.keralauniversity.ac.in